# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം

GLPS Pazhedam Panampoyil
PIN 679 339
WANDOOR SUB DIST
Koorad P.O.

CHANDRALEKHA. S
PEN 656559
HEADMISTRESS
GLPS Pazhedam Panampoyil
P.O. Koorad - 679 339
General Education Department

GLPS പഴേടം പനംപൊയിൽ

# ജി.എൽ.പി.എസ്
# പഴേടം പനംപൊയിൽ

## സ്കൂൾ വിവരങ്ങൾ

1. ജില്ല : മലപ്പുറം
2. സ്കൂൾ കോഡ് : 48526
3. സ്കൂളിന്റെ പേര് : GLPS പഴേടം പനംപൊയിൽ
4. മേൽവിലാസം : പനംപൊയിൽ, കൂരാട് (PO)
   പിൻ- 679 339
5. ഗ്രാമപഞ്ചായത്ത് : വണ്ടൂർ
6. സബ്ജില്ല : വണ്ടൂർ
7. ക്ലാസുകൾ : പ്രീപ്രൈമറി LKG, UKG
   1 മുതൽ 4 വരെ
8. മാനേജ്മെന്റ് : ഗവൺമെന്റ്
9. പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

# ആമുഖം

മലപ്പുറം ജില്ലയിലെ വണ്ടൂർ സബ്ജില്ലയിൽ കൂരാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു ഗവൺമെന്റ് എൽ.പി. സ്കൂളാണ് . ജി.എൽ.പി.എസ് പട്ടേടം പനംപൊയിൽ. പാഠ്യ പാഠ്യേതര രംഗത്ത് തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. കൂരാട് പ്രദേശത്ത് ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളായും. വിവിധ മത്സര പരീക്ഷയിലും സ്കോളർഷിപ്പ് പരീക്ഷയായ LSS ലും ഉന്നത വിജയം നേടിയെടുത്തും സ്കൂൾ മുന്നേറുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തി വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമുള്ള മാർഗ്ഗ ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എയുടെ ഇടപെടലും നാട്ടുകാർ, ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഭംഗിയാർന്ന ചുമരുകളും സ്കൂൾ മുറ്റവും കുട്ടികളുടെ ഉല്ലാസവേളകൾ ആനന്ദമാക്കുന്നതിനായിട്ടുള്ള പാർക്കും സ്കൂളിന്റെ മുഖമുദ്രയാണ്.

ഓരോ വർഷവും കുട്ടികൾക്കായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഒരുക്കി സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ് നാം കാംക്ഷിക്കുന്നതും അതിലൂടെ കുട്ടികളുടെ എല്ലാ തലത്തിലുമുള്ള വികസനവും ലക്ഷ്യമിടുന്നു.

കുട്ടികളുടെ എല്ലാ തലത്തിലുമുള്ള വികസനം മുൻനിർത്തി കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് കഴിയുമെന്ന് പ്രതീക്ഷിക്കട്ടെ.

. . . . . . . .

# പനംപൊയിലിന്റെ - സ്കൂൾ : നേട്ടങ്ങൾ

GLPS പഴ്യേടം പനംപൊയിൽ സ്കൂൾ കഴിഞ്ഞ വർഷങ്ങളിലായി കുന്നാട് പ്രദേശത്ത് തന്നെ കൂടുതൽ കുട്ടികൾ പഠിക്കുന്ന ഒരു സ്കൂളായും അക്കാദമിക പരമായി വിവിധ മത്സരപരീക്ഷയിലും LSS സ്കോളർഷിപ്പ് പരീക്ഷയിലും മികച്ച വിജയം കൈവരിച്ചു വരുന്നു ഉന്നതിനായി കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനവും നൽകി കുട്ടി-കളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന വിജയത്തി-ത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ക്ലാസുകൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നു.

നിലവിൽ LP വിഭാഗത്തിനായി 10 ക്ലാസ്മുറികളും പ്രീപ്രൈമറി വിഭാഗത്തിന് 4 ക്ലാസ്മുറികളുമായി പ്രവർത്തിച്ചു വരുന്നു. ടൈൽ പാകി പെയിന്റടിച്ച് ക്ലാസ്മുറികളും, മുറ്റം മുഴുവൻ കട്ട വിരിച്ച് വളരെ വൃത്തിയായും സൂക്ഷിക്കുന്നു. 3 ക്ലാസുകളിലായി സ്മാർട്ട് ക്ലാസ്മുറികൾ ഒരുക്കിയിട്ടുണ്ട്, കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

വിശാലമായ ഓപ്പൺ ഓഡിറ്റോറിയം ഒരു മാതൃകയായി നിലകൊള്ളുന്നു. ഈ ഓഡിറ്റോറിയം പൂർണ്ണമായും കട്ടവിരിച്ച് സജ്ജീകരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്.

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ വിവിധ ക്ലബ്ബുകളുടെ സഹകരണവും ഏറെ വലുത് തന്നെയാണ്. ഇത്തരത്തിലൂടെ സഹകരണ മനോഭാവം വഴി നമ്മുടെ സ്കൂളിന്റെ ഏറെ കാലത്തെ സ്വപ്നമായ വിശാലമായ കളിസ്ഥലം നിറവേറാൻ പോവുകയാണ് എന്ന സന്തോഷം ഇതിൽ സൂചിപ്പിക്കുന്നു...

## പരിമിതികൾ

GLPS പട്ടം പനമ്പൊയിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂൾ എന്ന നിലയിൽ ചില പരിമിതികൾ നേരിട്ടു വരികയാണ്. കുട്ടികൾക്ക് ആവശ്യമായ വിശാലമായ ക്ലാസ്മുറികൾ, സ്മാർട്ട് ക്ലാസ് മുറികൾ എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. വിദ്യാലയത്തിലെ ഓടിട്ട കെട്ടിടം കുട്ടികളുടെ പഠനത്തിന് കാര്യമായ ബുദ്ധിമുട്ടുളവാക്കുന്നു. നിലവിൽ കെട്ടിടത്തിന്റെ ഫിറ്റ്നസിന് യാതൊരു കുഴപ്പവുമില്ല. എങ്കിലും ഇടചുമരുകളിലായി ഈ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ക്ലാസ്മുറികൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഏറെ പ്രയാസം സൃഷ്ടിക്കുന്നതാണ്.

വിദ്യാലയത്തിന് ഇന്ന് വരെ സ്വന്തമായി ഒരു കളിസ്ഥലമില്ല. വിശാലമായ ഒരു ഗ്രൗണ്ട് സൗകര്യം നിറവേറും എന്ന സ്വപ്നത്തോടെ മുന്നോട്ട് പോവുകയാണിന്ന് GLPS പട്ടം പനമ്പൊയിൽ.

# അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ

## * വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം- അനായാസകരമാക്കൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- പഠനയാത്രകൾ
- അധ്യാപക ശാക്തീകരണം- സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- വിജയസ്പർശം- കൈത്താങ്ങ്
- ആരോഗ്യകരമായ ഭക്ഷണം പഠനത്തിന് സജ്ജമാക്കൽ
- ദിനാചരണങ്ങൾ- ശക്തിപ്പെടുത്തൽ

- നിരീക്ഷണാത്മക പഠനം
- കായിക ശേഷി വികസനം
- ജന്മദിന പുസ്തകം
- ചിത്രരചന ക്യാമ്പ്
- ശാസ്ത്ര, ഗണിതശാസ്ത്ര, SS പ്രവൃത്തി പരിചയ മേളകൾ
- ക്ലാസ് പി ടി എ കാര്യക്ഷമമാക്കൽ
- സ്കോളർഷിപ്പ് പരീക്ഷ. പരിശീലന ക്ലാസുകൾ

# പ്രവർത്തനം - വിശദാംശങ്ങൾ

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം.<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദ നിർമ്മാണം<br>• വാക്യനിർമ്മാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 1 വർഷക്കാലം | ക്ലാസ് ടീച്ചർ<br>SRG | |
| • എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>• ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ | 3 മാസം<br>1 വർഷം | ക്ലാസ് ടീച്ചർ<br>ലൈബ്രറി ടീച്ചർ | |

| | | | | |
|---|---|---|---|---|
| | • വായനോത്സവം - വായനാ മത്സരം<br>- ജന്മദിന പുസ്തകം<br>- പത്രവായന | | | |
| പത്രവായന പരിപോഷിപ്പിക്കുക | → രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം.<br>പത്ര ക്വിസ് | ദിവസേന<br>മാസത്തിൽ | ക്ലാസ് ടീച്ചർ | |
| സർഗ്ഗശേഷി വികസനം | - വായനാനുഭവം പങ്കുവെക്കൽ<br>- സാഹിത്യ ക്വിസ്, രചനാ ശില്പശാല (കവിത, കഥ)<br>- കവിതാലാപന മത്സരം<br>- അമ്മയും കുട്ടിയും - പുസ്തകാസ്വാദനം | വർഷത്തിൽ 1<br>വർഷത്തിൽ 1 | ക്ലാസ് ടീച്ചർ<br>SRG<br>വിദ്യാരംഗം<br>വിദ്യാരംഗം | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | → ഗണിത ലാബ് ഉപകരണങ്ങൾ സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.<br>→ ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി. രൂപങ്ങളുടെ നിർമ്മാണം | വർഷം മുഴുവൻ<br>ജൂൺ- ജൂലായ് | PTA ഗണിത ടീച്ചർ<br>ക്ലാസ് ടീച്ചർ | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | → വർക്ക് ഷീറ്റുകൾ നൽകി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ<br>→ ക്ലാസിലെ ഗണിതത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| ഗണിത മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | ഗണിത ക്ലബ്ബ് | |

# പരിസരപഠനം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | → ശാസ്ത്ര[illegible]ങ്ങൾ [illegible] തെളിവുകളുടെയുള്ള കുട്ടികളുടെ അവതരണം | ബന്ധപ്പെട്ട മേളകളിൽ | ശാസ്ത്ര ക്ലബ് ടീച്ചർ | |
| പരിസരം നിരീക്ഷിച്ച് ചുറ്റുപാടിനെ കുറിച്ചു മനസ്സിലാക്കൽ | → പരിസരം നിരീക്ഷിച്ച് വൈവിധ്യമാർന്ന ജൈവവൈവിധ്യം മനസ്സിലാക്കുന്നു.<br>→ അവയുടെ സംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നു. | 1 തവണ | ക്ലാസ് ടീച്ചർ | |
| ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പു വരുത്തുക | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 3 മാസം | സയൻസ് ക്ലബ്ബ് | |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | ഔഷധ സസ്യങ്ങളെയും അവയുടെ പ്രയോജനം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ | 3 മാസം | പരിസ്ഥിതി ക്ലബ്ബ് | PTA |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്/ EVM ഉപയോഗം. ഇതിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം | വർഷത്തിൽ 1 | SS ക്ലബ്ബ് | |

## ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസനം | - ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>→ ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>→ ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ | എല്ലാ ക്ലാസും<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് ചാർജ് Trs. | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിച്ച്, poem, story, rhyme എന്നിവയുടെ അവതരണം<br>→ കുട്ടികളുടെ രചനകൾ, പ്രദർശനം (poem, story) CPTA കളിൽ | ഇംഗ്ലീഷ് ക്ലബ്ബ് 1 തവണ<br>2 തവണ | ഇംഗ്ലീഷ് ക്ലബ്ബ്<br>ക്ലാസ് ടീച്ചർ | |
| വ്യാകരണ ബോധത്തോടെ ഭാഷ ഉപയോഗിക്കുന്നതിന് | → ക്ലാസ്മുറികളിൽ പാഠഭാഗം, ലൈബ്രറി ബുക്ക് വായന എന്നിവ ക്ലാസിൽ വ്യാകരണ ബോധത്തോടെ അവതരിപ്പിക്കൽ<br>→ വായന മത്സരം- ക്ലാസ് മുറികളിൽ | ക്ലാസിൽ ദിവസവും | ക്ലാസ് ടീച്ചർ | |

## ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | |

## പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ട്രിപ്പ് ക്ലബ്ബ് | PTA |

## വിദ്യാലയസ്ഥലം - കൈത്താങ്ങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി എന്നിങ്ങനെ 2 തലത്തിൽ കൈത്താങ്ങ് എന്ന പഠനസഹായി പുസ്തകം ഉപയോഗപ്പെടുത്തിയുള്ള പരിശീലനം | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ 2,3,4 | |

## ആരോഗ്യ കായിക പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ. വിദ്യാഭ്യാസം ഫലപ്രദമാക്കൽ | → കുട്ടികളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ക്ലാസ് | | | |
| | → വ്യായാമമുറകൾ, യോഗ തുടങ്ങിയ ക്ലാസ്മുറികളിലും നടത്തൽ | ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |
| | → Zumba dance പ്രത്യേക ക്ലാസ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ 1 തവണ | | |

## സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് LSS സ്കോളർഷിപ്പ് മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | ചിട്ടയായ പരിശീലനത്തിലൂടെ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പു വരുത്തൽ | 1 വർഷത്തിൽ 6 മാസം | LSS ചുമതല ടീച്ചേഴ്സ് | |

# CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠനതെളിവുകൾ എത്താതെ പോയ പഠന നേട്ടം തടഞ്ഞവയുടെ അവതരണം CPTA യിൽ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | |

GLPS Pazhedam Panampoyil
PIN 679 339
WANDOOR SUB DIST
Koorad P.O.

CHANDRALEKHA. S
PEN. 656559
HEADMISTRESS
GLPS Pazhedam Panampoyil
P.O. Koorad - 679 339
General Education Department